MALAYALA MANORAMA - 06-11-2025

# ആഴക്കടൽ മത്സ്യബന്ധനം: വ്യാപിപ്പിക്കാൻ നടപടി

**▸▸ സഹകരണ സംഘങ്ങളെയും ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളെയും സജീവമാക്കും**

ന്യൂഡൽഹി • ആഴക്കടൽ മത്സ്യബന്ധനരംഗത്ത് സഹകരണ സംഘങ്ങളെയും ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളെയും സജീവമാക്കാനുള്ള നീക്കങ്ങളുമായി കേന്ദ്രസർക്കാർ. എക്സ്ക്ലൂസീവ് ഇക്കണോമിക് സോണുകളിലെ (ഇഇസെഡ്) സുസ്ഥിര മത്സ്യബന്ധനവുമായി ബന്ധപ്പെട്ടു കേന്ദ്ര വിദേശകാര്യ മന്ത്രാലയം പുറത്തിറക്കിയ വിജ്ഞാപനത്തിൽ ഇവർക്കും ആഴക്കടൽ മത്സബന്ധനം നടത്താനുള്ള പരിശീലനം നൽകണമെന്നും ലൈസൻസ് അനുവദിക്കുമെന്നും വ്യക്തമാക്കുന്നു.

ഇഇസെഡ് മേഖലയിൽ മത്സ്യബന്ധനം നടത്തുന്ന 24 മീറ്ററിനു മുകളിൽ നീളമുള്ള എല്ലാ മത്സ്യബന്ധന വള്ളങ്ങളും 'ReALCRaft' പോർട്ടൽ വഴി പാസ് എടുക്കണം. 24 മീറ്ററിനു താഴെയാണെങ്കിൽ പാസ് ആവശ്യമില്ല. മേഖലയിൽ മത്സ്യബന്ധനം നടത്തുന്ന എല്ലാ വള്ളങ്ങളും സുരക്ഷാ മാനദണ്ഡങ്ങൾ, നിരീക്ഷണ സംവിധാനങ്ങൾ എന്നിവയെല്ലാം കർശനമായി പാലിച്ചിരിക്കണം. അപേക്ഷ നൽകി രണ്ടാഴ്ചയ്ക്കുള്ളിൽ പരിശോധന പൂർത്തിയാക്കി തുടർ നടപടി സ്വീകരിക്കണമെന്നാണു വ്യവസ്ഥ. 3 വർഷത്തേക്കാണ് ഈ പാസിന്റെ കാലാവധി. ഇന്ത്യൻ മത്സ്യബന്ധന ബോട്ടുകൾ പിടിക്കുന്ന മീനുകൾക്ക് രാജ്യത്തെ ഒരു ഭാഗത്തും ഒരു നികുതിയും ഈടാക്കാൻ പാടില്ല. അതേസമയം ഇഇസെഡിൽ നിന്നു പിടികൂടുന്ന മത്സ്യങ്ങളുമായി ഇന്ത്യൻ ബോട്ട് വിദേശരാജ്യത്ത് എത്തിയാൽ അതിനെ കയറ്റുമതിയായി കണക്കാക്കണം. മതിയായ നടപടികൾ സ്വീകരിക്കണം. നിയമവിരുദ്ധവും അനിയന്ത്രിതവുമായ മത്സ്യബന്ധനം ഒഴിവാക്കാൻ ദേശീയ തലത്തിൽ മറ്റൊരു കർമപദ്ധതി രൂപീകരിക്കുമെന്നും ഇതിൽ വ്യക്തമാക്കുന്നു.